# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്  ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്

# (കിർടാഡ്സ്), കോഴിക്കോട് – 17

## 2015 – 2016   വർഷത്തെ ഭരണ റിപ്പോർട്ട്

വകുപ്പ് മന്ത്രിമാർ : കുമാരി . പി.കെ. ജയലക്ഷ്മി
(പട്ടികവർഗക്ഷേമ യുവജനകാര്യം,  മ്യൂസിയവും മൃഗശാലയും)

: ശ്രീ.   എ.പി. അനിൽകുമാർ
(പട്ടികജാതിക്ഷേമവും, മന്നു പിന്നോക്ക സമുദായവികസന, ടൂറിസം)

വകുപ്പ് സെക്രട്ടറി : 1. ശ്രീ. സുബ്രതാ ബിശ്വാസ്, ഐ.എ.എസ്
(അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികവർഗ്ഗ വികസനവകുപ്പ്)
2. ശ്രീ. ഇന്ദ്രജിത്ത് സിങ്, ഐ.എ.എസ്
(അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി മന്നു പിന്നോക്ക വിഭാഗ വികസനവകുപ്പ്)

ഡയറക്ടർ : ഡോ. ബിന്ദു.എസ്.

ഡെപ്യൂട്ടി ഡയറക്ടർ : ശ്രീ. വി.എസ്. സുഭാഷ്
( ആന്ത്രോപ്പോളജി ) i/c (1.10.2014 മുതൽ 07.04.2016 വരെ)

: ഡോ. പ്രദീപ്കുമാർ. കെ.എസ്
(8.04.2016 മുതൽ)

ഡെപ്യൂട്ടി ഡയറക്ടർ : ഡോ. പ്രദീപ്കുമാർ. കെ.എസ്
( ട്രെയിനിംഗ് ) i/c - (15.12.14 മുതൽ 19.06.2015 വരെ )

ഡെപ്യൂട്ടി ഡയറക്ടർ : ഡോ. പ്രദീപ്കുമാർ. കെ.എസ്
( ട്രെയിനിംഗ് ) - (20.06.2015 മുതൽ)

ഡെപ്യൂട്ടി ഡയറക്ടർ : മിനി. പി.വി.
(ഡവലപ്മെന്റ് സ്റ്റഡീസ്) i/c (05.01.2016 മുതൽ 16.05.2016 വരെ)

ശ്രീ. വി.എസ്. സുഭാഷ്
(17.05.2016 മുതൽ)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ : ശ്രീ. മോഹനകുമാർ. എസ്
(1.12.2014 മുതൽ 31.05.2015 വരെ)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ : ശ്രീ. ടി.കെ. രാധാകൃഷ്ണൻ
(03.06.2015 മുതൽ )

ഫൈനാൻസ് ആഫീസർ : ശ്രീമതി. എം. ഷീല
(01.02.2013 മുതൽ 30.04.2016 വരെ )

***

# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്

( കിർടാഡ്സ്, കോഴിക്കോട് 17 )

## 2015 – 2016 വർഷത്തെ ഭരണ റിപ്പോർട്ട്

### 1. ആമുഖം

ഗവൺമെന്റ് ഉത്തരവ്(എം.എസ്) 44/എൽ ആന്റ് എസ്.ഡബ്ല്യൂ.ഡി.,1970 മാർച്ച് 7 – ാം തീയതി, തൊഴിൽ സാമൂഹ്യക്ഷേമ (സി) വകുപ്പ് പ്രകാരം ഹരിജനക്ഷേമ വകുപ്പിന്റെ കീഴിൽ 1970 മാർച്ച് മാസത്തിൽ ട്രൈബൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ എന്ന പേരിൽ ഈ സ്ഥാപനം രൂപീകരിക്കപ്പെട്ടു. തുടക്കത്തിൽ ഈ സ്ഥാപനത്തിന് ട്രെയിനിംഗ്, റിസർച്ച് എന്നീ രണ്ട് വിഭാഗങ്ങൾ ആണ് ഉണ്ടായിരുന്നത്. പിന്നീട് ഗിരിജനക്ഷേമ വകുപ്പിന്റെ രൂപീകരണത്തോട് കൂടി 1979 ഒക്ടോബർ ആദ്യം വരെ ഗിരിജന ക്ഷേമവകുപ്പിന്റെ ഭാഗമായും പ്രവർത്തിച്ചു. 1979 ഒക്ടോബറിൽ ഗവൺമെന്റ് ഉത്തരവ് (എം.എസ്) നം. 135/ 79/ ഡി.ഡി, തീയതി 23.10.1979 പ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്) എന്ന പേരിൽ ഒരു പ്രത്യേക വകുപ്പായി പുന:സംഘടിപ്പിക്കപ്പെട്ടു. ഇതേതുടർന്ന് ഇതിന്റെ പ്രവർത്തനമേഖല പട്ടികജാതിക്കാരെക്കുറിച്ചുള്ള പഠനങ്ങളിലേക്ക്കൂടി വ്യാപിച്ചു. ഇതൊരു പ്രത്യേക വകുപ്പായി രൂപീകരിക്കുന്നതിന്നു മുൻപ് നൂറുശതമാനവും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യതയിലാണ് പ്രവർത്തിച്ചു പോന്നിരുന്നത്. പ്രത്യേക വകുപ്പായതിനു ശേഷം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50 : 50 എന്ന അനുപാത ക്രമത്തിലാണ് സാമ്പത്തിക ബാദ്ധ്യതകൾ ഏറ്റെടുത്ത് നടത്തിവരുന്നത്. ഈ സ്ഥാപനത്തിന്റെ തുടക്കം മുതൽ 1973 വരെ പ്രസിദ്ധ നരവംശ ശാസ്ത്രജ്ഞനായ ഡോ. എ. അയ്യപ്പനായിരുന്നു സ്പെഷ്യൽ ആഫീസർ എന്ന പേരിൽ സാരഥ്യം വഹിച്ചിരുന്നത്. പിന്നീട് വിവിധ കാലഘട്ടങ്ങളിലായി ഡോ. പി.ആർ.ജി.മാത്തൂർ, ശ്രീ. സി. ചന്ദ്രൻ, ഐ.എ.എസ്.,ശ്രീ. വി. അപ്പു, ഡോ.സത്യനാരായണ ദാഷ്,. ഐ.എ.എസ്, ശ്രീ. യു.കെ.എസ്. ചൗഹാൻ, ഐ.എ.എസ്, ഡോ. എൻ. വിശ്വനാഥൻ നായർ, ഡോ. പി.കെ. സുകുമാരൻ നായർ എന്നിവർ ഈ വകുപ്പിന്റെ ഡയറക്ടർമാരായി പ്രവർത്തിച്ചു. 1. 5. 2003 മുതൽ മെയ് 2005 വരെ പട്ടികവർഗ്ഗ വകുപ്പ് ഡയറക്ടർ ശ്രീ. ടി.ടി. ആന്റണി ഐ.എ.എസ്, ഈ വകുപ്പിന്റെ ഡയറക്ടറുടെ അധികചുമതല വഹിച്ചു. 3.6.2005 മുതൽ 5.12.2005 വരെ ഈ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ.വി.കെ. മോഹൻകുമാർ ഡയറക്ടറുടെ അധിക ചുമതല വഹിച്ചു. 6.12.2005 മുതൽ ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയിലെ നരവംശ ശാസ്ത്രജ്ഞനായ ഡോ.എം. ശശികുമാർ ഈ വകുപ്പിന്റെ ഡയറക്ടറായി ചുമതല വഹിച്ചു. കൂടാതെ മുൻ വർഷങ്ങളിൽ ശ്രീ. ഇ. അയ്യപ്പൻ - ഐ.എ.എസ്സ്, ശ്രീ. പി.പി.ഗോപി- ഐ.എ.എസ്സ്, ശ്രീ. ശശിധര - ഐ.എ.

എസ്സ്., ശ്രീ.എൻ. പ്രശാന്ത് -ഐ.എ.എസ്സ് ശ്രീമതി. എസ്. ലളിതാംബിക ഐ.എ.എസ്സ്, ശ്രീ. എ. മണിഭൂഷണൻ എന്നിവർ ഈ വകുപ്പിന്റെ ഡയറക്ടറുടെ അധികചുമതല വഹിച്ചിരുന്നു. 23.11.2011 മുതൽ പി.എസ്.സി. അഡ്വൈസ് ചെയ്തതുപ്രകാരം ഡോ.ബിന്ദു.എസ് ഈ വകുപ്പിന്റെ ഡയറക്ടറുടെ ചുമതല ഏറ്റെടുത്ത് നടത്തിവരികയും ചെയ്യുന്നു.

## 2. വകുപ്പിന്റെ ഘടന

- ഈ വകുപ്പിന്റെ ഘടന വ്യക്തമാക്കുന്ന ചാർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇതരവകുപ്പുകളിൽ നിന്നും വ്യത്യസ്തമായ ഒരുഘടനയാണ് ഈ വകുപ്പിനുള്ളത്. ഇതിന്റെ പ്രവർത്തനമേഖല സംസ്ഥാന വ്യാപകമാണെങ്കിലും ഇതര വകുപ്പുകൾക്കുള്ളതുപോലെ മേഖലാടിസ്ഥാനത്തിലോ, ജില്ലാടിസ്ഥാനത്തിലോ ഓഫീസുകൾ ഈ വകുപ്പിനില്ല. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും ആസ്ഥാനമായ കോഴിക്കോട് കേന്ദ്രമായാണ് നടത്തിവരുന്നത്.

ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ താഴേ ചേർത്തിരിക്കുന്ന പ്രകാരം അഞ്ചു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. ഭരണ നിർവ്വഹണ വിഭാഗം
2. ഗവേഷണ വിഭാഗം
3. പരിശീലന വിഭാഗം
4. വികസന പഠന വിഭാഗം
5. ആദികലാകേന്ദ്രം , മ്യൂസിയം & ലൈബ്രറി .

- ഈ വകുപ്പിന്റെ വെബ്സൈറ്റ് , ഫോൺ നമ്പർ , ഫാക്സ് നമ്പർ എന്നിവ താഴെ കൊടുക്കുന്നു.

വെബ് സൈറ്റ് : www.kirtads.kerala.gov.in

ഇ.മെയിൽ : kirtads@gmail.com

dirkirtads@gmail.com

ഫോൺ നം. 0495 – 2357329, 2356805 , ഫാക്സ് നം . 0495 – 2357329

വിജിലൻസ് ഓഫീസർ - 0495 - 2356821

മൊബൈൽ ഫോൺ( ഡയറക്ടർ ) നം. 9447767329

## 3. വകുപ്പിന്റെ പ്രവർത്തനങ്ങളും, ഉദ്ദേശ ലക്ഷ്യങ്ങളും

ഈ വകുപ്പ് സെക്രട്ടേറിയറ്റിലെ പട്ടികജാതി - പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കല, സംസ്ക്കാരം, ജീവിതരീതി, വിദ്യാഭ്യാസം മറ്റുമേഖലയിലുള്ള പുരോഗതി, വിഭവങ്ങളുടെ അന്യവൽക്കരണം, ദൈനംദിന ജീവിതപ്രശ്നങ്ങൾ ബൗദ്ധികസ്വത്തവകാശം എന്നിവയെപ്പറ്റി അടിസ്ഥാനപരമായി ഗവേഷണങ്ങൾ നടത്തി അവരുടെ സർവ്വതോന്മുഖമായ പുരോഗതിയെ മനസ്സിലാക്കി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ആസൂത്രണ രംഗത്ത് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുക, ഇത്തരം വികസന പ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും പട്ടികവിഭാഗ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥന്മാർക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സംസ്ക്കാരം, ജീവിതരീതി, അവരുടെ പുരോഗതി പ്രക്രിയയിലുള്ള പ്രശ്നങ്ങൾ എന്നിവയിൽ വേണ്ടത്ര അറിവ് നൽകുന്നതിനുതകുന്ന വിധത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്കും നേതാക്കൾക്കും സർക്കാറിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ഭരണഘടന നൽകുന്ന പ്രത്യേകാവകാശങ്ങളെയും സംരക്ഷണങ്ങളെയും കുറിച്ച് ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിലും നേതൃത്വ പരിശീലനം നൽകുക, ആദിവാസികളുടെ ചികിത്സാ സമ്പ്രദായത്തെക്കുറിച്ചു പഠിക്കുന്നതോടൊപ്പം അവർ ഉപയോഗിച്ചുവരുന്ന പച്ചമരുന്നുകൾ തിരിച്ചറിയുവാനും ശേഖരിക്കുവാനും ഉപയോഗിക്കുവാനും വിപണനം ചെയ്യുവാനും പട്ടികവർഗ്ഗ യുവാക്കൾക്ക് വംശീയ വൈദ്യ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുക, വികസനപദ്ധതികൾ എത്രകണ്ട് അവർക്ക് പ്രയോജന പ്രദമായിട്ടുണ്ടെന്ന് വിലയിരുത്തുക, അത്തരം പദ്ധതികളുടെ നടത്തിപ്പിൽ അപാകതകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിലയിരുത്തൽ പഠനങ്ങൾ നടത്തുക, അനർഹമായി പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കാനുള്ള പ്രവണതയോടെ ഇതരവിഭാഗക്കാർ നടത്തിവരുന്ന ജാതിമാറ്റ സമ്പ്രദായം അന്വേഷണവിധേയമാക്കി, അത്തരക്കാരെ നിരുൽസാഹപ്പെടുത്തുവാനും പുറത്താക്കാനും പഠനങ്ങൾ നടത്തുക, തുടങ്ങിയ ഗവേഷണ അധിഷ്ഠിത പ്രവർത്തനങ്ങളാണ് ഈ വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്നത്. 1996 ലെ കേരള (പട്ടികജാതി പട്ടികവർഗ്ഗ ) സമുദായ സർട്ടിഫിക്കറ്റ് ക്രമപ്പെടുത്തൽ ആക്ട് 11 അനുസരിച്ച് ഈവകുപ്പിലെ നരവംശ ശസ്ത്രവിഭാഗത്തെ ജാതി നിർണ്ണയത്തിന്റെ ഒരു വിദഗ്ധ ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട് . പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകൾ, നൃത്തങ്ങൾ, കരകൗശല വൈദഗ്ധ്യം പാരമ്പര്യ ജ്ഞാനം തുടങ്ങിയവ പരിപോഷിപ്പിക്കുക, ഗോത്ര സംസ്കാരം പ്രതിബിംബിപ്പിക്കുന്ന മ്യൂസിയം സജ്ജീകരിക്കുക തുടങ്ങിയവയും ഈ വകുപ്പിന്റെ പ്രവർത്തന മേഖലകളാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ വകുപ്പിലെ ഗവേഷണ വിഭാഗം, പരിശീലനവിഭാഗം, വികസന പഠന വിഭാഗം, ഭാഷാ ശാസ്ത്ര വിഭാഗം എന്നീ മുഖ്യവിഭാഗങ്ങൾ വഴി നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്നു.

ഈ വകുപ്പിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | തസ്തികകകളുടെ പേര് | ശമ്പള സ്കെയിൽ | തസ്തിക കളുടെ എണ്ണം |
|---|---|---|---|
| എ. ഗസറ്റഡ് തസ്തിക | | | |
| 1. | ഡയറക്ടർ | 81000 - 117600 | 1 |
| 2. | ഡെപ്യൂട്ടി ഡയറക്ടർ ( ട്രെയിനിംഗ് ) | 45800 - 89000 | 1 |
| 3. | ഡെപ്യൂട്ടി ഡയറക്ടർ (ആന്ത്രോപ്പോളജി) | 45800 - 89000 | 1 |
| 4. | ഡെപ്യൂട്ടി ഡയറക്ടർ ( ഡവലപ്പ്മെന്റ് സ്റ്റഡീസ് ) | 45800 - 89000 | 1 |
| 5. | ലക്ചറർ (ആന്ത്രോപ്പോളജി/ സോഷ്യോളജി) | 39500 - 83000 | 3 |
| 6. | റിസർച്ച് ഓഫീസർ(ആന്ത്രോപ്പോളജി) | 39500 - 83000 | 7 |
| 7. | റിസർച്ച് ഓഫീസർ (സ്റ്റാറ്റിസ്റ്റിക്സ്) | 39500 - 83000 | 1 |
| 8. | കംപ്യൂട്ടർ ഓപ്പറേറ്റർ | 36600 - 79200 | 1 |
| ബി. നോൺ ഗസറ്റഡ് തസ്തിക | | | |
| 9. | സ്റ്റാറ്റിസ്റ്റിഷ്യൻ | 29200 - 62400 | 1 |
| 10. | റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി) | 27800 - 59400 | 3 |
| 11. | റിസർച്ച് അസിസ്റ്റന്റ് (ആന്ത്രോപ്പോളജി) | 27800 - 59400 | 5 |
| 12. | റിസർച്ച് അസിസ്റ്റന്റ് ( ലിംഗ്വിസ്റ്റിക്സ്) | 27800 - 59400 | 1 |
| 13. | കാർട്ടോഗ്രാഫർ | 27800 - 59400 | 1 |
| 14. | ക്യൂറേറ്റർ | 25200 - 54000 | 1 |
| 15. | ഇൻവെസ്റ്റിഗേറ്റർ((ആന്ത്രോപ്പോളജി/ സോഷ്യോളജി) | 25200 - 54000 | 6 |
| 16. | ജൂനിയർ സൂപ്രണ്ട് | 30700 - 65400 | 1 |
| 17. | സീനിയർ ക്ലാർക്ക് | 25200 - 54000 | 2 |
| 18. | ടൈപ്പിസ്റ്റ് (സെലക്ഷൻ ഗ്രേഡ് ) | 27800 - 59400 | 1 |
| 19. | യു.ഡി. ടൈപ്പിസ്റ്റ് | 25200 - 54000 | 1 |
| 20. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 20000 - 45800 | 1 |
| 21. | ക്ലാർക്ക് | 19000 - 43600 | 2 |
| 22. | എൽ.ഡി. ടൈപ്പിസ്റ്റ് | 19000 - 43600 | 1 |
| 23. | ഡ്രൈവർ | 18000 - 41500 | 4 |

| | | | |
|---|---|---|---|
| 24. | മ്യൂസിയം അനുസ്റ്റന്റ് | 17000 - 37500 | 1 |
| 25. | റിക്കാർഡ് അനുസ്റ്റർ | 17000 - 37500 | 1 |
| 26. | പ്യൂൺ | 16500 - 35700 | 4 |
| 27. | വാച്ച്മാൻ | 16500 - 35700 | 1 |
| 28. | നൈറ്റ് വാച്ച്മാൻ | 16500 - 35700 | 1 |
| 29. | സ്വീപ്പർ .. കം.. വാച്ച്മാൻ | 16500 - 35700 | 1 |
| 30. | പാർട്ട് ടൈം.. സ്വീപ്പർ | 9340 - 14800 | 1 |
| **മന്നു ഡിപ്പാർട്ടുമെന്റിൽ നിന്നു വന്നവർ** | | | |
| 31. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | As in PD | 1 |
| 32. | ഫിനാൻസ് ഓഫീസർ | As in PD | 1 |
| 33. | ലൈബ്രേറിയൻ ഗ്രേഡ് -I | As in PD | 1 |
| | **ആകെ** | | **60** |

- റിപ്പോർട്ട് വർഷാവസാനം ഈ വകുപ്പിൽ നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| തസ്തികയുടെ പേര് | | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. ഡയറക്ടർ | : | 1 |
| 2. ഡെപ്യൂട്ടി ഡയറക്ടർ (പരിശീലനം) | : | 1 |
| 3. ലക്ചറർ (ആന്ത്രോപ്പോളജി/സോഷ്യോളജി) | : | 3 |
| 4. റിസർച്ച് ഓഫീസർ (ആന്ത്രോപ്പോളജി ) | : | 7 |
| 5. റിസർച്ച് ഓഫീസർ (സ്റ്റാറ്റിസ്റ്റിക്സ്) | : | 1 |
| 6. റിസർച്ച് അസിസ്റ്റന്റ് (ആന്ത്രോപ്പോളജി) | : | 3 |
| 7. റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി) | : | 3 |
| 8. റിസർച്ച് അസിസ്റ്റന്റ് (ലിംഗ്വിസ്റ്റ്) | : | 1 |
| 9. സ്റ്റാറ്റിസ്റ്റിഷ്യൻ | : | 1 |
| 10. ഇൻവെസ്റ്റിഗേറ്റർ (ആന്ത്രോപ്പോളജി/സോഷ്യോളജി) | : | 3 |
| 11. കാർട്ടോഗ്രാഫർ | : | 1 |
| 12. ജൂനിയർ സൂപ്രണ്ട് | : | 1 |
| 13. സീനിയർ ക്ലാർക്ക് | : | 2 |

| | |
|---|---|
| 14. ടൈപ്പിസ്റ്റ് ( സെ.ഗ്രേഡ്) | : 1 |
| 15. യു.ഡി . ടൈപ്പിസ്റ്റ് | : 1 |
| 16. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | : 1 |
| 17. എൽ.ഡി. ക്ലാർക്ക് | : 2 |
| 18. ഡ്രൈവർ | : 4 |
| 19 റിക്കാർഡ് അറ്റന്റർ | : 1 |
| 20 ഓഫീസ് അറ്റന്റന്റ് | : 4 |
| 21 സ്വീപ്പർ .. കം.. വാച്ച്മേൻ | : 1 |
| 22. പാർട്ട് ടൈം.. സ്വീപ്പർ | : 1 |
| 23 വാച്ച്മാൻ | : 1 |
| 24 നൈറ്റ് വാച്ച്മേൻ | : 1 |
| 25. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | : 1 |
| 26. ഫിനാൻസ് ഓഫീസർ | : 1 |
| 27. ലൈബ്രേറിയൻ (ഗ്രേഡ് - I ) | : 1 |

അനുവദിച്ച തസ്തികകൾ : 60

റിപ്പോർട്ട് വർഷാവസാനം നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം : 49

- സ്ഥിരം ജീവനക്കാർ : 48
- കരാർ ജീവനക്കാർ : ഇല്ല
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം : 2
- റിപ്പോർട്ട് വർഷത്തിൽ പി.എസ്.സി. വഴി നിയമനം : 6
- സമാശ്വാസ തൊഴിൽ പദ്ധതി : ഇല്ല
- റിട്ടയർമെന്റ് : 3

റിപ്പോർട്ട് വർഷം ഡെപ്യൂട്ടി ഡയറക്ടർ (പരിശീലനം) 1, ഇൻവെസ്റ്റിഗേറ്റർ (ആന്ത്രപ്പോളജി/ സോഷ്യോളജി) തസ്തികയിൽ - 1, റിസർച്ച് അസിസ്റ്റന്റ് (ആന്ത്രപ്പോളജി) - 3, ആഫീസ് അറ്റന്റന്റ് 1, എന്നിവയടക്കം മൊത്തം 6 പേർക്ക് പി. എസ്. സി. വഴി നിയമനം നൽകി.

## നരവംശ ശാസ്ത്രവിഭാഗം 2015-2016

1996 ലെ ആക്ട് 11 പ്രകാരം ഗവേഷണ വിഭാഗത്തിലെ വിജിലൻസ് സെൽ സമുദായ നിർണ്ണയ പഠനങ്ങൾ നടത്തുന്നതിനും, സംശയാസ്പദമായതും മറ്റുമുള്ള പട്ടികജാതി പട്ടിക വർഗ്ഗ സമുദായ അവകാശവാദങ്ങൾ അന്വേഷിക്കുന്നതിനുമുള്ള വിദഗ്ധ ഏജൻസിയായി പ്രവർത്തിച്ചു വരുന്നു. ഈ ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയക്കു വേണ്ടിയും ബഹു.കേരള ഹൈക്കോടതിയിലും മറ്റുംവരുന്ന ജാതി നിർണ്ണയ കേസുകളുടെ നരവംശശാസ്ത്ര പരമായ അന്വേഷണവും വിജിലൻസ് സെൽ നടത്തി വരുന്നു. റിപ്പോർട്ട് വർഷം പൂർത്തിയാക്കിയ കേസുകളുടെ വിവരങ്ങൾ താഴെ നൽകുന്നു.

### സ്ക്രൂട്ടിനി കമ്മിറ്റി

സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ 10 അന്വേഷണ റിപ്പോർട്ടുകൾ നൽകി.

### സ്ക്രീനിംഗ് കമ്മറ്റി

എൻട്രൻസ് കമ്മീഷണർ മുമ്പാകെ വിവിധ പ്രൊഫഷണൽ കോഴ്സുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പട്ടികപ്രകാരം സ്ക്രീനിംഗ് കമ്മിറ്റിക്ക് മുമ്പാകെ റിപ്പോർട്ടുകൾ നൽകി.

### വിജിലൻസ് സെൽ തയ്യാറാക്കിയ സ്ക്രീനിംഗ് കമ്മിറ്റി കേസുകൾ

| നമ്പർ | കോഴ്സ് | കേസുകളുടെ എണ്ണം |
|---|---|---|
| 1. | മെഡിക്കൽ/എഞ്ചിനിയറിംഗ് | 396 |
| 2. | പാരാമെഡിക്കൽ | 54 |
| 3. | എം.ഡി ആയുർവ്വേദം | 1 |
| 4. | എൽ.എൽ.ബി(LLB) (5 Year) | 13 |
| 5. | എം.എസ്.സി നേഴ്സിംഗ് (MSc Nursing) | 10 |
| 6. | എം.സി.എ (MCA) | 8 |
| 7. | എൽ.എൽ.ബി (3 Year) | 9 |
| | Total | 491 |

**ആകെ കേസുകളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.**

| ക്രമ നം. | ഇനം | തരം | ആകെ |
|---|---|---|---|
| 1 | ഗവൺമെന്റ് കത്തുകൾ, പിന്നോക്ക സമുദായ വികസന വകുപ്പ്, എസ്. സി. ഡയറക്ടറേ ന്റ്, എസ്.ടി. ഡയറക്ടറേന്റ്, ട്രൈബൽ വെൽഫെയൽ ഓഫീ സ്, സ്റ്റേറ്റ് കമ്മീഷൻ, ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ | | 36 |
| 3 | താലൂക്ക് ഓഫീസുകൾ | | 68 |
| 5 | ഹൈക്കോടതി | | 7 |
| 6 | വിവരാവകാശ നിയമം | | 13 |
| | താലൂക്ക്  ലീഗൽ സർവീസ് | | |
| 6 | മറ്റുള്ളവ | ലോകായുക്ത, ജനസമ്പർക്കം, സുതാര്യകേരളം, അട്രോസിറ്റീസ് ആക്ട് | 37 |
| | **ആകെ** | | **161** |

## പരിശീലന വിഭാഗം

**2015-16 സാമ്പത്തിക വർഷത്തിൽ പരിശീലന വിഭാഗം ഏറ്റെടുത്തു നടത്തിയ  പ്രധാനപ്പെട്ട പരിപാടികൾ ചുവടെ ചേർക്കുന്നു.**

1. കേന്ദ്ര ഗോത്രവർഗ്ഗ മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനായി വനാവകാശ നിയമം, ചോലനായിക്കർക്കായി മുള അനുബന്ധ തൊഴിൽ സംരഭം, പരമ്പരാഗത അബെയ്തുപകരണ നിർമ്മാണയൂണിറ്റ് എന്നിവയുമായി ബന്ധപ്പെട്ട പ്രപ്പോസലുകൾ തയ്യാറാക്കി.
2. പാലക്കാട് ജില്ലയിലെ തൃത്താല, മലപ്പുറം ജില്ലയിലെ വണ്ടൂർ എന്നിവിടങ്ങളിൽവെച്ച് സാമ്പത്തിക വർഷത്തെ പൈതൃകോത്സവങ്ങൾ സംഘടിപ്പിച്ചു.
3. 33-ാമത് സംസ്ഥാനതല തലയ്ക്കൽ ചന്തു അബെയ്ത്തു മത്സരം മാന്നാറിൽവെച്ച് സംഘടിപ്പിച്ചു.
4. പട്ടിക ജാതി - പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1989 നെ അടിസ്ഥാന മാക്കി ഹ്രസ്വസിനിമ സംസ്ഥാന ഫിലിം ഡെവലപ്പമെന്റ് കോർപ്പറേഷൻ മുഖേന തയ്യാറാക്കി.
5. തൃശ്ശൂർ ജില്ലയിലെ വാഴച്ചാൽ പ്രദേശത്ത് വെച്ച് പട്ടിക വർഗ്ഗ കാടർ സമുദായക്കാർക്കായി ഡോ.ബി.ആർ അംബേദ്ക്കർ ഏകദിന സ്മാരക പ്രഭാഷണങ്ങൾ സംഘടിപ്പിച്ചു.

6. മലപ്പുറം ജില്ലയിലെ അരനാടൻ സമുദായക്കാർക്കായി പങ്കാളിത്ത വികസന പരിശീലന പരിപാടി സംഘടിപ്പിച്ചു

7. വംശീയ വൈദ്യ ചികിത്സരുടെ പേരുവിവര സൂചിക (ഭേതഗതി വരുത്തിയത്) തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നിർവ്വഹിച്ചു.
8. പെരിപെരുന്ത്തിക്, ഏകാദ്യാപക വിദ്യാലയങ്ങൾ, ബാലവിജ്ഞാനകേന്ദ്രം എന്നിവിടങ്ങളിലെ അദ്ധ്യാപകർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു.
9. വയനാട് ജില്ലയിലെ തിരഞ്ഞെടുത്ത ട്രൈബൽ പ്രമോട്ടർമാർക്കും യുവജനങ്ങൾക്കും വിജ്ഞാനകേന്ദ്ര രൂപീകരണത്തിലും നടത്തിപ്പിലും പരിശീലനം നൽക്കി.
10. വയനാട് ജില്ലയിലെ അടിയ, പണിയൻ, കാട്ടുനായിക്കൻ സമുദായങ്ങളിലെ യുവതീയുവാക്കൾക്കായി നേതൃത്വ പരിശീലന പരിപാടി വകുപ്പിന്റെ ക്യാമ്പസിൽവെച്ച് സംഘടിപ്പിച്ചു. പ്രസ്തുത പരിപാടിയുടെ രണ്ടാം ഘട്ടമായി വയനാട് ജില്ലയിലെ മൂന്ന് പട്ടിക വർഗ്ഗ സങ്കേതങ്ങളിൽവെച്ച് ഏകദിന ലഹരി നിർമ്മാർജ്ജന പരിപാടിയും നാടകാവതരണവും സംഘടിപ്പിച്ചു.
11. വകുപ്പിന്റെ ക്യാമ്പസിൽവെച്ച് രണ്ട് ബാച്ചുകളിലായി പ്രാഥമിക വൈദ്യ ശുശ്രൂഷയിൽ പട്ടിക വർഗ്ഗ യുവതീയുവാക്കൾക്കായി അഞ്ച് ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിച്ചു.
12. 'സോദോദിമി' എന്ന പേരിൽ അഞ്ച് ദിവസത്തെ, വംശീയ വൈദ്യ ചികിത്സാക്യാമ്പ്, വംശീയ ഭക്ഷ്യമേള, പാരമ്പര്യ കരകൗശല ഉല്പന്നങ്ങളുടെ നിർമ്മാണ പ്രദർശനം വിപണനം ഗോത്രകലാമേളകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംസ്ഥാനതല ഗോത്രമേള സംഘടിപ്പിച്ചു. കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കിയ ഒരു പദ്ധതിയായിരുന്നു ഇത്.
13. 2015 നവംമ്പർ മാസത്തിൽ ഡെൽഹിയിൽവെച്ച് നടന്ന ' ഭാരത അന്താരാഷ്ട്ര വ്യാപാര മേളയിൽ' വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുനിന്നുള്ള പട്ടിക വർഗ്ഗ പ്രതിനിധികളെ (വംശീയ വൈദ്യന്മാർ) പങ്കെടുപ്പിച്ചു.
14. 20 വംശീയ വൈദ്യന്മാർക്ക് 50,000/- രൂപ തുക വരുന്ന കേന്ദ്രധനസഹായം വിതരണം ചെയ്യുന്നതിനാവിശ്യമായ നടപടിക്ക് തുടക്കം കുറിച്ചു.
15. കേന്ദ്ര ധന സഹായത്താൽ നടത്തുന്ന 'അരിവാൾ രോഗ നിർണ്ണയ പരിശീലനവും അരിവാൾ രോഗികളെ കണ്ടെത്തലും' പദ്ധതി പാലക്കാട് ജില്ലയിലെ അഗളിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിന്റി ഹോസ്പിന്ദലിലെ സൂപ്രണ്ടിന്റെ ചുമതലയിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു.

## വികസന പഠന വിഭാഗം

### 2015-16 സാമ്പത്തികവർഷത്തിലെ പ്രവർത്തനങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളുടെ സാമൂഹിക സാംസ്കാരിക, രാഷ്ട്രീയ സാഹചര്യങ്ങളും അവരുടെ ജീവിതത്തിലെ മന്ന് മേഖലകളെയും ഉൾപ്പെടുത്തിക്കൊണ്ട് 2015-16

സാമ്പത്തിക വർഷം താഴെ പറയുന്ന പ്രവർത്തനങ്ങളാണ് വികസന പഠന വിഭാഗം ഏറ്റെടുത്ത് നടത്തിയത്.

1. 'ഗോത്രവർഗ്ഗക്കാരുടെ കുടുംബപ്രശ്നങ്ങളുടെ പഠനം' മുതുവാൻ, മാവിലൻ, ഇരുളർ, പണിയർ, അടിയർ എന്നീ സമുദായങ്ങൾക്കിടിയിൽ പഠനം നടത്തികൊണ്ടിരിക്കുന്നു.
2. കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയം 30/10/2015 ന് ഡയൽഹിയിൽ വെച്ച് നടത്തിയ 'വെബ് ബേസ്ഡ് മൊഡ്യൂൾ ഡെവലപ്മെഡ് ഫോർ മോണിട്ടറിംഗ് ആന്റ് ഇവാല്യുവേഷൻ ഓഫ് എൻ.ജി.ഒ/വി.ഒ റൺ പ്രോഗ്രാമ്സ്' എന്ന ഏകദിന പരിശീലന പരിപാടി യിൽ വകുപ്പിനെ പ്രതിനിധീകരിച്ചു.
3. പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങളെ (പി.വി.ടി.ജി) യെക്കുറിച്ചുള്ള രാജ്യസഭാ (നക്ഷ ത്രചിഹ്നമിട്ട) ചോദ്യത്തിന് മറുപടി നൽകി.
4. 2016 ഫെബ്രുവരി 3 മുതൽ 7 വരെ ആലപ്പുഴ ജില്ലയിലെ മാന്നാർ നായർ സമാജം സ്ക്കൂൾ ഗ്രൗണ്ടിൽ വെച്ച് നടത്തിയ 'ഗോത്രായനത്തിൽ' , കരകൗശലന പ്രദർശനവും, ഇന്ത്യയുടെ വിവിധ സംസ്ഥാനത്തിലെ ഗോത്രനൃത്തങ്ങളുടെ അവതരണവും സംഘടി പ്പിച്ചു.
5. വംശീയവൈദ്യൻമാർക്ക് ഗ്രാന്റ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു.
6. വനാവകാശ നിയമം നടപ്പിലാക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടി പ്പിച്ച പരിശീലന പരിപാടിയിൽ ക്ലാസ്സ് എടുത്തു.
7. പോലീസ് വകുപ്പുമായി സഹകരിച്ച് നടത്തിയ പഠനമായ 'Upgradation of policing in tribal area of Wayanad' ന്റെ റിപ്പോർട്ട് സമർപ്പിച്ചു.
8. പണിയ ഭാഷയ്ക്ക് ലിപി തയ്യാറാക്കി സമർപ്പിച്ചു.
9. 'വികസനപദ്ധതികളോടും പൊതുസമൂഹത്തോടും കോഴിക്കോട് ജില്ലയിലെ പണിയ സമൂഹത്തിന്റെ പ്രതികരണം' എന്ന ഗവേഷണ പഠനത്തിന്റെ റിപ്പോർട്ട് തയ്യാറാക്കി ക്കൊണ്ടിരിക്കുന്നു.
10. 'സമീപകാല നിയമങ്ങളും മുതുവാൻ, പളിയ സമൂഹത്തിന്റെ അവയുടെ സ്വാധീനവും എന്ന പഠനത്തിന്റെ റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.
11. 2006 ലെ പട്ടിക ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശ ങ്ങൾ അംഗീകരിക്കൽ) ആക്ടിന്റെ തമിഴ് ഭാഷാ സാദൃശ്യമുള്ള മുതുവാൻ ഭാഷയിലേ ക്കുള്ള പരിഭാഷ പ്രസിദ്ധീകരിച്ചു.
12. 'Protocol for use of space technology for water bodies and fishing in Tribal hamlets in Kerala' എന്ന പഠനത്തിന്റെ പ്രൊപ്പോസൽ സമർപ്പിച്ചു.
13. Documentationn of Tribal food and Medicine എന്ന ഗവേഷണ പഠനത്തിൽ കേരള ത്തിലെ 200 വംശീയ വൈദ്യൻമാരുടെ മരുന്നും, മരുന്നുചെടികളും ഭക്ഷണവും രേഖ പ്പെടുത്തിയിട്ടുണ്ട്.

## ആദികലാകേന്ദ്രം

### 2015-2016 സാമ്പത്തിക വർഷത്തിൽ നടത്തിയ പരിശീലന പരിപാടികൾ

1. വയനാട് ജില്ലയിലെ കാട്ടുനായിക്കരുടെ തനത് നൃത്തരൂപങ്ങൾക്കായി പതിനഞ്ച് ദിവസത്തെ പഠന കളരി സംഘടിപ്പിച്ചു.
2. പൈതൃകോൽസവം- നാടൻ കലാമേള - പ്രദർശനവിപണന മേള സംഘടിപ്പിച്ചു.
3. സംസ്ഥാന സ്ക്കൂൾ യുവജനോത്സവത്തിൽ പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങൾ മത്സര ഇനമായി ഉൾപ്പെടുത്തുന്നതിനും അവയെ പ്രദർശന ഇനമായി നടപ്പുസാമ്പ ത്തിക വർഷം അവതരിപ്പിക്കുന്നതിന് ഒരുക്കുന്നതിനുമായി 23 സ്ക്കൂളുകൾക്ക് ഗോത്ര വർഗ്ഗക്കാരുടെ തനത് നൃത്ത രൂപങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുവാൻ 50,000/- ( അമ്പതിനായിരം രൂപ മാത്രം) വീതം ധനസഹായം നൽകി.

## എത്നോളജിക്കൽ മ്യൂസിയം

2015-16 വർഷത്തിൽ കിർട്ടാഡ്സ് മ്യൂസിയം ഗോത്രവർഗ്ഗ സംസ്കാരപ്രദർശനം സംഘടിപ്പിച്ചതിന്റെയും സ്ക്കൂൾ കോളേജ് വ്യക്തികൾ എന്നിവ തരം തിരിച്ച് മ്യൂസിയം സന്ദർശിച്ചതിന്റെയും കണക്കുകൾ താഴെ പറയുന്നവിധമാണ്.

1. അഗ്രികൾച്ചർ ഫെസ്റ്റിവെൽ, 2015 വയനാട്
2. 56-ാം സംസ്ഥാന സ്കൂൾ കലോത്സവം- കോഴിക്കോട്
3. ഡൽഹി നാഷണൽ ട്രൈബൽ ഫെസ്റ്റ് 2015.
4. ‘പൈതൃകോത്സവം’ 2015, തിരുവനന്തപുരം
5. രാഗം ഫെസ്റ്റ് 2015 Kozhikode
6. ‘പൈതൃകോത്സവം’ 2015, പാലക്കാട്, തൃത്താല
7. ‘പൈതൃകോത്സവം’ 2016, മലപ്പുറം, വണ്ടൂർ
8. നാഷണൽ ട്രൈബൽ ഫെസ്റ്റ് 2016, ആലപ്പുഴ, മാന്നാർ

സ്കൂൾ: 37 ആകെ കുട്ടികൾ: 3208

കോളേജ്: 8 ആകെ കുട്ടികൾ: 307

മനു ഗവേഷകർ: 260

### റിസർച്ച് ഫെല്ലോഷിപ്പ്

2015 - 2016 സാമ്പത്തിക വർഷത്തിൽ എട്ട് ജൂനിയർ റിസർച്ച് ഫെല്ലോമാരുടെ നിയമനം നടത്തിയതിൽ ഇപ്പോൾ 6 പേർ മാത്രമേ ഉള്ളൂ. കാസർഗോഡ് ജില്ലയിലെ മാവി ലൻ, മലവേട്ടുവൻ, കുടിയ, കൊറഗ സമുദായങ്ങളുടെയും, വയനാട് ജില്ലയിലെ അടിയ, കണ്ണൂർ കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പണിയ എന്നീ പട്ടികവർഗ്ഗ സമുദായക്കാരുടെ 'എക്കണോമിക് ബിഹേവിയർ ആന്റ് റീസൺസ് ഫോർ പോവർട്ടി' എന്ന പഠനം നടത്തി വരുന്നുണ്ട്. ഇതിനു പുറമെ നരവംശ ശാസ്ത്ര പഠനങ്ങളിലും പരീശിലന വിഭാഗത്തിലും വിലയിരുത്തൽ പഠനത്തിലും ഇവരുടെ സേവനം പ്രയോജനപ്പെടുത്തി. ഫെല്ലോഷിപ്പ് ഇനത്തിൽ റിപ്പോർട്ട് വർഷം മൊത്തം 10,94,000/- രൂപ ചിലവായി.

## കിർടാഡ്സ് ലൈബ്രറിയുടെ 2015 -16 വർഷത്തെ പ്രവർത്തനങ്ങൾ

കിർട്ടാഡ്സ് ലൈബ്രറിയിൽ നരവംശശാസ്ത്രം, ഭാഷാശാസ്ത്രം, ധനതത്ത്വശാസ്ത്രം, സാമൂഹ്യശാസ്ത്രം, നാടോടി വിജ്ഞാനീയം, സ്റ്റാറ്റിസ്റ്റിക്സ്, പട്ടികവർഗ്ഗ പഠനങ്ങൾ, വിദ്യാഭ്യാ സം, ദളിത് പഠനങ്ങൾ, ചരിത്രം, മറ്റുവിവിധ വിഷയങ്ങളിലുള്ള റഫറൻസ് ഗ്രന്ഥങ്ങളടക്കം, വിപുലമായ പുസ്തകസഞ്ചയമുണ്ട്.

സ്ക്കൂൾ, കോളേജ്, യൂണിവേഴ്സിറ്റി തലങ്ങളിലുള്ള വിദ്യാർത്ഥികൾ, ഗവേഷകർ തുടങ്ങിയവർ തങ്ങളുടെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും, ഉദ്യോഗസ്ഥർ ഔദ്യോഗിക ആവശ്യങ്ങൾക്കുമായി ലൈബ്രറി ഉപയോഗിക്കാറുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗമേഖലകളും വിഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന കേരളത്തിലെയും, മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും, കൂടാതെ വിദേശികളും ലൈബ്രറി സന്ദർശിച്ച് ലൈബ്രറിയിലെ റഫറൻസ് സൗകര്യം വിനിയോഗിക്കാറുണ്ട്. 2015-16 വർഷത്തിൽ 250 പേർ റഫറൻസ് സൗകര്യം ഉപയോഗിക്കുയുണ്ടായി.

റിപ്പോർട്ട് വർഷാരംഭത്തിൽ 14488 പുസ്തകങ്ങൾ ഉണ്ടായിരുന്നു. റിപ്പോർട്ട് വർഷത്തെ വാർഷിക പർച്ചേസിൽ വാങ്ങിയ പുസ്തകങ്ങളും, സംഭാവനയായി ലഭിച്ച പുസ്ത കങ്ങളുമടക്കം 15006 പുസ്തകങ്ങൾ റിപ്പോർട്ട് വർഷാവസാനത്തിൽ ലൈബ്രറിയിലുണ്ട്. 2016 വർഷത്തേക്ക് ഏഴ് വിദേശ ജേർണലുകൾ വാങ്ങാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഏകദേശം ആയിരത്തോളം പുസ്തകങ്ങളുടെ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ലൈബ്രറി സേവനങ്ങൾ മെച്ചപ്പെടത്തുന്നതിനും പുനർക്രമീകരണം വഴി കൂടുതൽ സ്ഥല സൗകര്യം ലഭിക്കുന്നതിനുമുള്ള നടപടികൾക്ക് അപേക്ഷിച്ചിട്ടുണ്ട്. കേരളത്തിലെ ഇതര സർവകലാശാലകളിലെ നരവംശശാസ്ത്രത്തിലെയും ഗോത്രവംശത്തിലെയും ഗവേഷണ പ്രബന്ധങ്ങൾ ലഭിക്കാനുള്ള നടപടികൾക്കായുള്ള അപേക്ഷ സമർപ്പിച്ചു.

librariankirtads2015@gmail.com എന്ന ഇമെയിൽ വിലാസം വഴി ഗവേഷകർക്ക് ആശയവിനിമയം നടത്താനും ലൈബ്രറി ഭരണ നിർവ്വഹണം ത്വരിതപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചു.

## സാമ്പത്തിക നില

- **ഈ വകുപ്പ്** 1979 - 80 വർഷം മുതൽ 50% കേന്ദ്രസഹായ പദ്ധതിയിൽ പ്രവർത്തിക്കുന്നു. പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും ഈ വകുപ്പിന്റെ ചെലവുകൾ നിർവ്വഹിക്കുവാനായി തുക വക കൊള്ളിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ പ്ലാൻ ഇനത്തിൽ 140.00 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 267.2 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തുകയുണ്ടായി. ഇതിനുപുറമെ ആദികലാകേന്ദ്രം പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയിനത്തിൽ 35.00 ലക്ഷം രൂപയും വക കൊള്ളിക്കുകയുണ്ടായി. കൂടാതെ ട്രൈബൽ ഫെസ്റ്റ് നടത്തിപ്പിനായി 7.5 ലക്ഷം രൂപയും ഗ്രാന്റ്-ഇൻ എയ്ഡായി 45.45 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയായി ലഭിച്ചിട്ടുണ്ട്. കിർടാഡ്സിന്റെ അടിസ്ഥാന സൗകര്യങ്ങൾ പ്ലാൻ ഇനത്തിൽ .01 ലക്ഷം രൂപയും വക കൊള്ളിക്കുകയുണ്ടായി.

**2014 - 2015** വർഷത്തെയും **2015 - 2016** വർഷത്തെയും വകുപ്പിന്റെ ചെലവിലേയ്ക്കായി വകയിരുത്തിയതും ചെലവാക്കിയതുമായ തുകയുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

| വർഷം | ഹെഡ് ഓഫ് അക്കൗണ്ട് | വകയിരുത്തിയ തുക (ലക്ഷത്തിൽ ) | | ചെലവായ തുക (ലക്ഷത്തിൽ ) | |
|---|---|---|---|---|---|
| | | പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ | നോൺപ്ലാൻ |
| 2013 - 14 | 2225 – 02 – 800 - 91 ഗവേഷണവും പരിശീലനവും പ്രത്യേക പരിപാടികളും (50% സി.എസ്.എസ്) | 140.00 | 227.16 | 91.05 | 178.00 |
| | 2225 – 02 – 800 - 56 ആദികലാ ഗ്രാമം | 35.00 | -- | 31.82 | -- |
| | 2225 - 02 – 800 – 27 അടിസ്ഥാന സൗകര്യങ്ങൾ | .01 | -- | -- | -- |
| 2015 - 16 | 2225 – 80-001-98 ഗവേഷണവും പരിശീലനവും പ്രത്യേക പരിപാടികളും (50% സി.എസ്.എസ്) | 140.00 | 267.02 | 129.35 | 208.18 |
| | 2225 – 02 – 800 - 56 ആദികലാ ഗ്രാമം | 35.00 | 0 | 34.95 | 0 |
| | 2225 - 02 – 800 – 27 | .01 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| | അടിസ്ഥാന സൗകര്യങ്ങൾ | | | | |
| | 2225-80-001-96 കിർടാഡ്സ്-ഓർഗനൈസിംഗ് ട്രൈബൽ ഫെസ്റ്റിവെൽ (സി.എസ്.എസ്) | 7.5 | 0 | 7.5 | 0 |
| | 2225-80-001-97 കിർടാഡ്സ് ഗ്രാന്റ്-ഇൻ എയ്ഡ് ടു ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എസ്. എസ്) | 45.45 | 0 | 45.27 | 0 |

- **2015 - 2016 പ്ലാൻ & നോൺപ്ലാൻ ചെലവുകൾ**

**2225 - 80-001-98 (50% കേന്ദ്ര സഹായം), 2225-80-001-99 ഗവേഷണവും പരിശീലനവും പ്രത്യേകപരിപാടികളും**

| ശീർഷകം | ബജറ്റിൽ വകയിരുത്തിയ | | ചെലവായ തുക | |
|---|---|---|---|---|
| | ( രൂപ ലക്ഷത്തിൽ ) | | | |
| | പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ | നോൺ പ്ലാൻ |
| 01 - ശമ്പളം (അലവൻസുകളടക്കം) | 0 | 262.25 | 0 | 204.12 |
| 02 - വേതനം | 0 | 1.44 | 0 | 1.44 |
| 04 - യാത്രാചെലവുകൾ | 5.20 | 1.92 | 5.00 | 1.52 |
| 05 - ഓഫീസ് ചെലവുകൾ | 2.50 | 0.89 | 2.50 | 0.707 |
| 06 - വാടക,കരം,നികുതി മുതലായവ | | 0.41 | | 0.41 |
| 21- 1. വാഹനം വാങ്ങിക്കൽ | 0 | 0 | 0 | 0 |
| 2. അനുകുനുപണികളും സംരക്ഷണവും | 2.40 | 0.25 | 1.04 | 0 |
| 34- മറ്റു ചെലവുകൾ | 23.30 | 0 | 23.29 | 0 |
| 45- പി. ഓ. എൽ | 2.50 | 0.04 | 1.71 | 0 |
| 90- റിസർച്ച് പ്രോഗ്രാം | 57.10 | 0 | 54.17 | 0 |
| 91- ട്രെയിനിംഗ് പ്രോഗ്രാം | 47.00 | - | 41.64 | 0 |
| ആകെ | 140.00 | 267.20 | 129.35 | 208.19 |

**2225 -02 – 800 - 56** പ്ലാൻ

ആദികലാഗ്രാമം **35.00** -- **34.98** --

**2225 - 02 – 800 – 27**

അടിസ്ഥാന സൗകര്യങ്ങൾ **0.01** **0**

**2225 – 80 – 001 - 96**

| | | | |
|---|---|---|---|
| കിർടാഡ്സ് ഓർഗനൈസിംഗ് ട്രൈബൽ ഫെസ്റ്റിവെൽ (സി.എസ്.എസ്) | **7.5** | **7.5** | **0** |

**2225 – 80 – 001 - 97**

| | | | |
|---|---|---|---|
| കിർടാഡ്സ് ഗ്രാന്റ്-ഇൻ എയ്ഡ് ടു ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സി.എസ്.എസ്) | **51** | **45.27** | **0** |

Unspent amount (if any) available
With TRI for 2012-13 - 5.55

**Balance** **45.45**

- ഈ വകുപ്പ് സാമ്പത്തിക സഹായം /കടം ഒന്നും തന്നെ നൽകുന്നില്ല.
- ഈ വകുപ്പിൽ ടാക്സ് / ടാക്സേതര വരുമാനങ്ങളൊന്നും തന്നെയില്ല.
- പദ്ധതിയിനത്തിൽ 50% കേന്ദ്രവിഹിതത്തിൽ പ്രവർത്തിക്കുന്ന ഈ വകുപ്പിന്2015-16 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം രൂ. 64.675 ലക്ഷം രൂപയാണ്. പ്രസ്തുത വർഷം കേന്ദ്രവിഹിതം ലഭിച്ചിട്ടില്ല.
- കേന്ദ്രസർക്കാറിൽ(മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ്) നിന്നും ഫണ്ട് ലഭിക്കുന്നതിനായി ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം. 32196233829 ഉണ്ട്.
- 2015 - 16 സാമ്പത്തിക വർഷത്തിലെ ഈ വകുപ്പിന്റെ റീ കൺസിലേഷൻ സർട്ടിഫിക്കറ്റുകൾ മുഴുവൻ എക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

## വിവരാവകാശ നിയമം

| | | |
|---|---|---|
| പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ | : | ശ്രീ. രാധാകൃഷ്ണൻ. ടി.കെ.<br>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ<br>കിർടാഡ്സ്, കോഴിക്കോട് – 17 |
| അസിസ്റ്റന്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ<br>(2016 ഫെബ്രുവരി 29 വരെ) | : | ശ്രീ. അബ്ദുറഹിമാൻ. .കെ. പി<br>ജൂനിയർ സൂപ്രണ്ട്,<br>കിർടാഡ്സ്, കോഴിക്കോട് – 17 |
| ( 2016 മാർച്ച് 1 മുതൽ) | : | ശ്രീമതി. സാലിഹ.കെ<br>ജൂനിയർ സൂപ്രണ്ട്,<br>കിർടാഡ്സ്, കോഴിക്കോട് – 17 |
| അപ്പലേറ്റ് അതോറിറ്റി | : | ഡോ. ബിന്ദു. എസ്.<br>ഡയറക്ടർ<br>കിർടാഡ്സ്, കോഴിക്കോട് – 17 |

- ലഭിച്ച കേസുകൾ : 105
- തീർപ്പുകൽപിച്ച കേസുകൾ : 105
- പിഴ ഈടാക്കിയ കേസുകൾ : ഇല്ല
- സുവോ മോട്ടോ പരസ്യപ്പെടുത്തിയത് : ഇല്ല
- സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ തീർപ്പാകാനുള്ള കേസുകൾ : ഇല്ല
- സേവനാവകാശ നിയമപ്രകാരം ലഭിച്ച കേസുകൾ : ഇല്ല.

ഡയറക്ടർ
കിർടാഡ്സ്, കോഴിക്കോട്

എസ്.എൻ./ 16 .06.16